കാഴ്ചബംഗ്ലാവും മൃഗശാലകളും

268 (3431) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി തരുമോ:

(എ) കേരളത്തിൽ സർക്കാർവക കാഴ്ചബംഗ്ലാവ്, മൃഗശാല ഇവകൾ എത്രയൊക്കെ സ്ഥലങ്ങളിലാണ് ഉള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇവിടങ്ങളിലൊക്കെ സന്ദർശനത്തിന് വരുന്നവർക്കുപോലും വളരെ ശോചനീയമായ അവസ്ഥയിലാണ് കാഴ്ചബംഗ്ലാവ്, മൃഗശാലകൾ നടത്തുന്നതെന്നുള്ള പരാതികൾ കിട്ടിയിട്ടുണ്ടോ;എങ്കിലതിന് ഇതിനോടകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ;

(സി) മൃഗശാലകളിൽ സന്ദർശനം നടത്തുന്ന കുട്ടികൾ, സ്ത്രീകൾ, മുതിർന്നവർ എന്നിവർക്ക് കാണാനുതകും വിധം അവരുടെ ഒരുമിച്ചുള്ള ചിത്രം എടുക്കുന്നതിനും പ്രത്യേക സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ കാഴ്ചബംഗ്ലാവുകളും തിരുവനന്തപുരത്തും തൃശ്ശൂരുമായി മൃഗശാലകളും പ്രവർത്തിച്ചുവരുന്നു.

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള മൃഗശാലകൾ, കാഴ്ചബംഗ്ലാവുകൾ എന്നിവ മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ വളരെ ശോചനീയമായ അവസ്ഥയിലാണെന്നുള്ള പരാതികൾ ലഭിച്ചിട്ടില്ല. മെച്ചപ്പെട്ട സൗകര്യങ്ങൾ യഥാസമയം നടപ്പാക്കിവരുന്നു.

(സി) കൂടുതൽ മൃഗശാല അതോറിറ്റിയുടെ അംഗീകാരത്തിന് വിധേയമായി മാത്രമേ മറ്റ് മൃഗശാലകളിൽനിന്നോ പ്രകൃതിദത്തികളെ കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. മറ്റ് മൃഗശാലകളുമായി ബന്ധപ്പെട്ട് വിവിധയിനം പ്രകൃതിദത്തികളെ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(3200,3401, 3412, 3414, 3416, 3420, 3421, 3422, 3424, 3427 എന്നിവ നക്ഷത്രചിഹ്നമിടാതെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലൈബ്രറിയിൽ ലഭ്യമാണ്.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly